Draft #8 of File 4587/CDOE 2-4/2025/CDOE 2 Approved by REGISTRAR (i/c) on 15-Sep-2026 10:34 PM - Page 1

Graded as Category 1 Autonomous University By UGC
Mahatma Gandhi University

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവകലാശാല, കേരളം**

നമ്പർ. 4587/CDOE 2-4/2025/സി.ഡിഒ.ഇ 2 തീയതി: 15.09.2026

പ്രിയദർശിനി ഹിൽസ്

**പരിപത്രം**

വിഷയം:- സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷൻ നടത്തുന്ന ഓൺലൈൻ പരീക്ഷകളുടെ റിമോട്ട് പ്രോക്ടറായി പ്രവർത്തിക്കുന്നതിന് അനദ്ധ്യാപക ജീവനക്കാരിൽ നിന്നും താല്പര്യ പത്രം ക്ഷണിക്കുന്നത് സംബന്ധിച്ച്.

സൂചന :- 1.സർവകലാശാല ഉത്തരവ് നം. 987/CDOE 3/2025/MGU തീയതി 29/01/2025
2.4587/CDOE 2-4/2025/CDOE 2 നമ്പർ ഫയലിൽ ബഹു. വൈസ് ചാൻസലറുടെ 06.08.2026 തീയതിയിലെ ഉത്തരവ്
3. സർവകലാശാല ഉത്തരവ് നം.7798/AD A1/2026/എം ജി യു തീയതി 20.08.2026

സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷൻ നടത്തുന്ന വിവിധ പ്രോഗ്രാമുകളുടെ ഓൺലൈൻ പരീക്ഷകൾ റിമോട്ട് പ്രോക്ടറിങ് ചെയ്യുന്നതിനായി അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ സർവകലാശാലയിലെ അനദ്ധ്യാപക ജീവനക്കാരെ നിയോഗിക്കാമെന്ന് സൂചന (1) പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് സർവ്വകലാശാലയിലെ അസിസ്റ്റന്റ് / കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിലുള്ള ജീവനക്കാരിൽ നിന്നും ഓൺലൈൻ പരീക്ഷകളിൽ പ്രോക്ടറായി പ്രവർത്തിക്കുന്നതിനുള്ള താത്പര്യപത്രം ക്ഷണിക്കുന്നതിനും ഇതിന്റെ അടിസ്ഥാനത്തിൽ പ്രോക്ടറിങ് പാനൽ തയ്യാറാക്കുന്നതിനും സൂചന (2) പ്രകാരം ഉത്തരവായിട്ടുണ്ട്. ഇത്തരത്തിൽ നിയോഗിക്കപ്പെടുന്ന അനദ്ധ്യാപക ജീവനക്കാർക്ക്, കെ.എസ്.ആർ / സർവകലാശാല ചട്ടങ്ങൾക്ക് വിധേയമായി പരിഹാര അവധി അനുവദിക്കാമെന്ന് സൂചന (3) പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ, സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷൻ നടത്തുന്ന ഓൺലൈൻ പരീക്ഷകളിൽ റിമോട്ട് പ്രോക്ടറായി പ്രവർത്തിക്കുന്നതിന് താല്പര്യമുള്ള അസിസ്റ്റന്റ് / കമ്പ്യൂട്ടർ അസിസ്റ്റന്റ് ജീവനക്കാർ, ഇതോടൊപ്പം ചേർത്തിട്ടുള്ള താത്പര്യപത്രം പൂരിപ്പിച്ച് മേലധികാരിയുടെ സാക്ഷ്യപ്പെടുത്തലോടുകൂടി, 25.09.2026 നുള്ളിൽ AR 8 (Admin) മുൻപാകെ സമർപ്പിക്കേണ്ടതാണ്.

<u>മാർഗ്ഗനിർദേശങ്ങൾ</u>

- ജീവനക്കാരുടെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലാണ് പാനൽ തയ്യാറാക്കുന്നത്.

- 2026 ഒക്ടോബർ മുതൽ നടത്താനിരിക്കുന്ന ഓൺലൈൻ പരീക്ഷകൾക്കാണ് ഇത് ബാധകമാവുക. പരീക്ഷാ ടൈംടേബിൾ പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക്, പാനലിൽ ഉൾപ്പെട്ടിട്ടുള്ളവരെ, പരീക്ഷാ തീയതിയും സമയവും ഔദ്യോഗിക ഇ മെയിൽ മുഖാന്തരം അറിയിക്കുന്നതായിരിക്കും.

- പ്രോക്ടറിങ്ങിനായി നിയോഗിക്കപ്പെട്ട ശേഷം എന്തെങ്കിലും അസൗകര്യം ഉണ്ടാകുന്നപക്ഷം പരീക്ഷ ആരംഭിക്കുന്നതിന് 2 ദിവസം മുൻപ് CDOE 2 സെക്ഷനിൽ ഈ വിവരം ഔദ്യോഗികമായി

അറിയിക്കേണ്ടതാണ് . ഇത്തരത്തിൽ പ്രോക്ടറിങ്ങിൽ നിന്ന് പിന്മാറുന്നവർക്ക് പകരമായി പാനലിൽ ഉൾപ്പെട്ട അടുത്ത ജീവനക്കാരെ പരിഗണിക്കുന്നതാണ്. എന്നാൽ, പരീക്ഷയ്ക്ക് തൊട്ടുമുമ്പ് മാത്രമാണ് അസൗകര്യം അറിയിക്കുന്നതെങ്കിൽ, പാനലിൽ ഉൾപ്പെട്ട CDOE ൽ നിന്നുള്ള ജീവനക്കാരെ പ്രോക്ടറിങ് ഡ്യൂട്ടിക്ക് നിയോഗിക്കുന്നതാണ്.

- സർവകലാശാലയുടെ പ്രവൃത്തിസമയത്തിന് മുമ്പോ ശേഷമോ പരീക്ഷകൾ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ, നിയോഗിക്കപ്പെടുന്ന പ്രോക്ടർമാർ പ്രസ്തുത സമയക്രമം അനുസരിച്ച് പ്രോക്ടറിങ് ഡ്യൂട്ടി നിർവഹിക്കേണ്ടതാണ്.

- സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷൻ നടത്തുന്ന കോഴ്സുകൾക്കോ / പ്രോഗ്രാമുകൾക്കോ പ്രവേശനം നേടിയിട്ടുള്ള ജീവനക്കാർക്കും പ്രസ്തുത സെന്ററിലെ വിദ്യാർത്ഥികളുടെ ഉറ്റ ബന്ധുക്കളായ ജീവനക്കാർക്കും റിമോട്ട് പ്രോക്ടറിങ് പാനലിലേയ്ക്ക് അപേക്ഷിക്കുന്നതിനുള്ള അർഹതയില്ല.

- പ്രോക്ടർ ആയി തിരഞ്ഞെടുക്കപ്പെടുന്നപക്ഷം പരീക്ഷയുടെ മുന്നോടിയായി നടത്തപ്പെടുന്ന മോക്ക് പരീക്ഷ / ട്രെയിനിങ് സെഷനിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

For more details contact 0481 2733291

**ഡോ. ബിന്ദു ജോർജ് വർഗ്ഗീസ്**
രജിസ്ട്രാർ (i/c)

Draft #8 of File 4587/CDOE 2-4/2025/CDOE 2 Approved by REGISTRAR (i/c) on 15-Sep-2026 10:34 PM - Page 2

The document is digitally approved. Hence signature is not needed.

Draft #8 of File 4587/CDOE 2-4/2025/CDOE 2 Approved by REGISTRAR (i/c) on 15-Sep-2026 10:34 PM - Page 3

# സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷൻ നടത്തുന്ന ഓൺലൈൻ പരീക്ഷകളുടെ പ്രോക്ടർ ആയി പ്രവർത്തിക്കുന്നതിനുള്ള താല്പര്യപത്രം

| | | |
|---|---|---|
| 1 | പേര് | |
| 2 | തസ്തിക | |
| 3 | പി എഫ് നമ്പർ & പെൻ നമ്പർ | |
| 4 | മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ജോലിയിൽ പ്രവേശിച്ച തീയതി | |
| 5 | സെക്ഷൻ | |
| 6 | മൊബൈൽ നമ്പർ (Whatsapp) | |
| 7 | ഔദ്യോഗിക ഇമെയിൽ ഐഡി | |

## സത്യപ്രസ്താവന

CDOE നടത്തുന്ന ഓൺലൈൻ പരീക്ഷകളുടെ പ്രോക്ടറായി തിരഞ്ഞെടുക്കപ്പെടുന്ന പക്ഷം, മാതൃസെക്ഷനിലെ ഔദ്യോഗിക ചുമതലകളെ ബാധിക്കാത്തവിധം പ്രോക്ടറിങ് ഡ്യൂട്ടി ഞാൻ ഉത്തരവാദിത്വപൂർവം നിർവഹിക്കുന്നതാണ്. കൂടാതെ, ഞാനോ എന്റെ അടുത്ത ബന്ധുക്കളോ സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷനിൽ പഠിതാക്കളല്ലെന്നും ഇതിനാൽ ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം : പേര് :

തീയതി : ഒപ്പ് :

## ഇപ്പോൾ ജോലി ചെയ്യുന്ന സെക്ഷനിലെ മേലധികാരിയുടെ ശിപാർശ

സെക്ഷൻ ഓഫീസർ അസിസ്റ്റന്റ് രജിസ്ട്രാർ